(ബി) ഇക്കാര്യത്തിൽ എന്തൊക്കെ വിശദീകരണങ്ങൾ നൽകി എന്ന് വെളിപ്പെടുത്തുമോ ;

(സി) മകരജ്യോതിയെക്കുറിച്ച് വിവാദം ഉന്നയിച്ച് പുല്ലുമേട് ദുരന്തത്തിന്റെ വസ്തുതകൾ മറച്ചുവയ്ക്കാനുള്ള ശ്രമം നടക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം ആരോപണങ്ങൾ പുല്ലുമേട് ദുരന്തത്തെക്കുറിച്ചുള്ള അന്വേഷണത്തെ ബാധിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ സർക്കാരിനോട് ഹൈക്കോടതി വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പുല്ലുമേട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി സർക്കാർ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുവരുന്നു.

പുല്ലുമേട്ടിലെ ദുരന്തം

232 (1702) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ കഴിഞ്ഞ മകരവിളക്ക് സീസണിൽ പുല്ലുമേട്ടിൽ എത്ര പോലീസുദ്യോഗസ്ഥർ ഡ്യൂട്ടിയിലുണ്ടായിരുന്നു എന്ന് ദേവസ്വം അധികൃതരെ അറിയിച്ചിരുന്നോ ;

(ബി) എങ്കിൽ എത്ര പോലീസുകാർ എന്നാണറിയിച്ചിരുന്നത് ; പുല്ലുമേട് വഴി കഴിഞ്ഞ മകരവിളക്ക് സീസണിൽ എത്ര അയ്യപ്പൻമാർ ശബരിമലദർശനം നടത്തിയെന്ന് വിശദീകരിക്കുമോ ;

(സി) തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായപ്പോൾ ദുരന്തം ഉണ്ടാകാൻ ഇടയുണ്ടെന്ന് ഇന്റലിജൻസ് സർക്കാരിന് റിപ്പോർട്ട് ചെയ്തതായി ദേവസ്വം ബോർഡിന്റെയോ വകുപ്പിന്റെയോ ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ഡി) ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കണം എന്ന് ദേവസ്വം ബോർഡ് സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ ;

(ഇ) ശബരിമലയിലെ ക്രമീകരണങ്ങൾ അവലോകനം ചെയ്യാൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പുല്ലുമേടുവഴിയുള്ള അയ്യപ്പൻമാരുടെ യാത്രയ്ക്ക് സുരക്ഷാസംവിധാനം ഏർപ്പെടുത്തണമെന്നകാര്യം ദേവസ്വം ബോർഡ് ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ ദേവസ്വം വകുപ്പ്/ബോർഡ് ഇങ്ങനെയൊരുകാര്യം വിട്ടുപോയത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ജി) അടുത്ത തീർത്ഥാടനകാലത്ത് പുല്ലുമേട്ടിൽ തീർത്ഥാടകർക്ക് എന്തെല്ലാം സുരക്ഷാക്രമീകരണങ്ങളാണ് ദേവസ്വം വകുപ്പ് വിഭാവനം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. ശബരിമല മകരവിളക്ക് സീസണിൽ മൊത്തം എത്ര തീർത്ഥാടകർ പുല്ലുമേട്വഴി യാത്ര ചെയ്തുവെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി&ഡി) ഇല്ല.

(ഇ&എഫ്) ഇടുക്കി ജില്ലയിലും വനമേഖലയിൽപ്പെട്ട കാനനപാത കളിലും തീർത്ഥാടകർക്ക് വേണ്ട സൗകര്യങ്ങളൊരുക്കാൻ ബഹു. മുഖ്യമന്ത്രി യുടേതുൾപ്പെടെയുള്ള അവലോകന യോഗങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിരുന്നു.

(ജി) പുല്ലുമേട്ടിൽ നടന്ന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടുത്ത തീർത്ഥാടന കാലത്ത് എന്തൊക്കെ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കണമെന്ന തടക്കമുള്ളകാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

പന്തളം പ്രദേശത്ത് അയ്യപ്പഭക്തർക്ക് സൗകര്യം ഏർപ്പെടുത്തുന്നതിന് മാസ്റ്റർ പ്ലാൻ

233 (1703) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ മൂലസ്ഥാനമായ പന്തളത്ത് എത്തിച്ചേരുന്ന അയ്യപ്പഭക്തർക്ക് ദേവസ്വം ബോർഡും സർക്കാരും മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പന്തളം കൊട്ടാരം, തിരുവാഭരണദർശനസ്ഥലം, അയ്യപ്പക്ഷേത്രം തുടങ്ങിയവ സ്ഥിതിചെയ്യുന്ന പന്തളത്തിന്റെ പ്രാധാന്യം പരിഗണിച്ച് ദേവസ്വം ബോർഡും സർക്കാരും ആവശ്യമായ ഫണ്ട് അനുവദിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പന്തളം പ്രദേശത്ത് അയ്യപ്പഭക്തർക്ക് സൗകര്യം ഏർപ്പെടുത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly